# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 5** **10.12.2012-ൽ മറുപടിയ്ക്ക്**

**വിവരാവകാശനിയമം**

| | ചോദ്യം<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | വിവരാവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കിയശേഷം അതിന്റെ പ്രയോഗക്ഷമതയും ഗുണദോഷങ്ങളും അനുബന്ധപ്രശ്നങ്ങളും സംബന്ധിച്ച് വിലയിരുത്തലെന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) ഇല്ല. പാർലമെന്റ് പാസ്സാക്കിയ നിയമമായതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരല്ല. |
| (ബി) | സാധാരണ പൗരന് ലഭിച്ച ഈ അവകാശം നിഷേധിക്കുന്നതിനെയും, നിയമം ദുരുപയോഗം ചെയ്യുന്നതിനെയും സംബന്ധിച്ച് പരിശോധിക്കുന്നതിനും, സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ഉചിതമായ നടപടി സ്വീകരിക്കുമോ; | (ബി) ഭരണസുതാര്യത ലക്ഷ്യമിട്ടുകൊണ്ട് പാർലമെന്റ് പാസ്സാക്കിയ നിയമമാണ് വിവരാവകാശ നിയമം 2005. ഈ നിയമം സംസ്ഥാനത്തും നടപ്പിലാക്കി. അത് പ്രകാരം എല്ലാ പൊതുഅധികാരികളും സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പലേറ്റ് അധികാരിയേയും സ്ഥാന നിർദ്ദേശം ചെയ്തിട്ടുണ്ട്.<br>പ്രസ്തുത നിയമപ്രകാരം പൗരന്മാർക്ക് വിവരം നൽകാൻ അപ്രകാരം നിയോഗിച്ചിട്ടുള്ള സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ ബാധ്യസ്ഥരാണ്. ഏതെങ്കിലും ഉദ്യോഗസ്ഥർ സമയപരിധിക്കുള്ളിൽ വിവരങ്ങൾ നൽകാതെയിരുന്നാൽ അപ്പീൽ അധികാരിക്ക് ഒന്നാം അപ്പീലും സംസ്ഥാന വിവരാവകാശ കമ്മീഷന് രണ്ടാം അപ്പീലും നൽകാവുന്നതാണ്. നിയമം ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. അതിനാൽ അത് സംബന്ധിച്ച പരിശോധനയുടെ ആവശ്യമില്ല.<br><br>വിവരാവകാശ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടങ്ങളിൽ സർക്കാർ പുറപ്പെടുവിക്കാറുണ്ട്. |

| | | |
|---|---|---|
| (സി) | നിയമം കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) ചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ പൊതു അധികാരികളും സ്ഥാപനങ്ങളും അവരവരുടെ വകുപ്പിനെ/സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകി. എല്ലാ പൊതു അധികാരികളും സ്ഥാപനങ്ങളും വിവരാവകാശ നിയമം വഴി ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകുന്നതിനായി നിയമം അനുശാസിക്കുന്ന തരത്തിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർ മേഷൻ ഓഫീസർമാർ, അപ്പീൽ അധികാരികൾ എന്നിവരെ സ്ഥാന നിർദ്ദേശം ചെയ്യാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം അപ്പീൽ സ്വീകരിക്കുന്നതിനായി നിയമപ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷനിൽ മുഖ്യ വിവരാവകാശ കമ്മീഷണർ, 5 വിവരാവകാശ കമ്മീഷണർമാർ, കൂടാതെ ആവശ്യമായ ഉദ്യോഗസ്ഥർ എന്നിവരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | വിവരങ്ങൾ യഥാവിധി ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർ കമ്മീഷന്റെ നടപടികളിൽ നിന്നും ഒഴിവാകാൻ കോടതികളെ സമീപിക്കുന്ന സ്ഥിതിവിശേഷം നിയമത്തിന്റെ നടപ്പാക്കലിനെ ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ